13-ാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 534

07.01.2014-ലെ മറുപടിയ്ക്ക്

<u>സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള പങ്കാളിത്ത പെൻഷൻ</u>

| <u>ചോദ്യം</u><br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | <u>ഉത്തരം</u><br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
|---|---|
| (എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള പങ്കാളിത്ത പെൻഷൻ ഏതു തീയതി മുതലാണ് ബാധകമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;<br>(ബി) ഇതുപ്രകാരം എത്ര ജീവനക്കാർ പ്രസ്തുത പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;<br>(സി) 2013 ഏപ്രിൽ 1 നു ശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ എത്ര ജീവനക്കാർ പ്രവേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | 2013 ഏപ്രിൽ ഒന്നു മുതൽ സംസ്ഥാന സർവ്വീസിൽ ജോലിയിൽ പ്രവേശിച്ച എല്ലാപേർക്കും 07.01.2013-ലെ സ.ഉ.(പി) നം.20/2013/ധനം പ്രകാരം ദേശീയ പെൻഷൻ പദ്ധതി ബാധകമാണ്. 01.04.2013-നു ശേഷം ഏകദേശം പതിനായിരം ജീവനക്കാരാണ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളത്. ഇതിൽ സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാർ ഒഴികെയുള്ളവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| (ഡി) പ്രസ്തുത ജീവനക്കാരിൽ നിന്നും പ്രതിമാസം എത്ര തുകയാണ് പ്രസ്തുത പദ്ധതി പ്രകാരം ഈടാക്കുന്നത് എന്ന് വിശദമാക്കാമോ;<br>(ഇ) ഇതുപ്രകാരം ഇതിനകം എത്ര തുക ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;<br>(എഫ്) ഇതിന് ആനുപാതികമായി സംസ്ഥാന സർക്കാർ വിഹിതമായി എത്ര തുക പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;<br>(ജി) ഇതുപ്രകാരം ശേഖരിക്കുന്ന തുക ഏതു ധനകാര്യ സ്ഥാപനത്തിലാണ് നിക്ഷേപിച്ചതെന്ന് വിശദമാക്കാമോ; | ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടേയും തുകയുടെ 10% പെൻഷൻ വിഹിതമായി കുറവ് ചെയ്യുന്നതിനും തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം ടി തുക നിക്ഷേപിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. നിക്ഷേപം ആരംഭിയ്ക്കുന്നതിനുള്ള നടപടി തുടർന്ന് സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (എച്ച്) ഇതുപ്രകാരം സംസ്ഥാന സർക്കാർ ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഇതിനകം നിക്ഷേപിച്ചുവെന്ന് ലഭ്യമാക്കുമോ ? | ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**